(ബി) അനുബന്ധം 'എ' യിൽ വിവരിച്ചിട്ടുണ്ട്. †

(സി ആന്റ് ഡി) 2005 ഏപ്രിൽ മുതൽ 2005 ഡിസംബർ വരെ കോർപ്പറേഷന്റെ വിറ്റുവരവിൽ മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 239.13 കോടി രൂപയുടെ വർദ്ധനവും, സർക്കാരിന്റെ വരുമാനത്തിൽ 155.08 കോടി രൂപയുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. 2005 ഏപ്രിൽ മുതൽ 2005 ഡിസംബർ വരെയുള്ള കാലയളവിൽ മദ്യം വാങ്ങിയ ഇനത്തിൽ മദ്യകമ്പനികൾക്ക് 374.72 കോടി രൂപ നൽകുകയുണ്ടായി. മുൻവർഷം ഇതേ കാലയളവിൽ ഇതിനായി നൽകിയത് 327.38 കോടി രൂപയാണ്. (47.34 കോടി രൂപ അധികം).

(ഇ) അനുബന്ധം 'ബി' കാണുക. †

(എഫ്) 2005 ഡിസംബർ 20 മുതൽ 31 വരെയുള്ള കാലയളവിൽ കോർപ്പറേഷന്റെ വിറ്റുവരവ് 113.31 കോടി രൂപയാണ്.

കുന്ദമംഗലം റെയ്ഞ്ച് ആഫീസിന് കെട്ടിടം പണിയുന്നതിന് നടപടി

20 [477] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം മണ്ഡലത്തിൽ പന്തീർപ്പാടത്ത് സ്ഥിതിചെയ്യുന്ന എക്സൈസ് റെയ്ഞ്ച് ആഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കെട്ടിടം ജീർണ്ണിച്ച് നിലംപൊത്താറായ വിവരം സർക്കാരിന് അറിയാമോ;

(സി) കുന്ദമംഗലം എക്സൈസ് റെയ്ഞ്ച് ആഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ കെട്ടിടം പണിയുന്നതിനുവേണ്ടി കണ്ടെത്തി നൽകിയ സ്ഥലം ഏത് ഭാഗത്താണ് എന്ന് റീസർവ്വെ തിരിച്ച് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത സ്ഥലം ഇന്ന് ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ സ്ഥലത്ത് റെയ്ഞ്ച് ആഫീസ് പണിയാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ജി) കെട്ടിടത്തിന്റെ പ്രവൃത്തി എന്നാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുന്ദമംഗലം റെയ്ഞ്ച് ആഫീസിന് കണ്ടെത്തിയ 7 സെന്റ് സ്ഥലം കുന്ദമംഗലം വില്ലേജ് ആഫീസിനടുത്താണ്.

(ഇ) പ്രസ്തുത സ്ഥലം ഇപ്പോൾ റവന്യൂ വകുപ്പിന്റെ കൈവശമാണ്.

(എഫ്, ജി) കുന്ദമംഗലം വില്ലേജ് ആഫീസിനടുത്ത് കണ്ടെത്തിയ 7 സെന്റ് സ്ഥലം വില്ലേജ് ആഫീസിന്റെ പ്രവർത്തനത്തിന് ആവശ്യമുണ്ട് എന്നറിയിച്ചതിനാൽ പുതിയ സ്ഥലം കണ്ടെത്താനുള്ള പരിശ്രമത്തിലാണ്.

പന്തളത്ത് എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കാൻ നടപടി

21 [478] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം ആസ്ഥാനമായി ഒരു എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെ ആയി എന്ന് വിശദമാക്കാമോ;

(ബി) എന്നത്തേക്ക് പ്രസ്തുത ഓഫീസ് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) പന്തളം ആസ്ഥാനമായി എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിനുള്ള ശുപാർശകൾ ഒന്നുംതന്നെ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ബാലുശ്ശേരി എക്സൈസ് റേഞ്ചിലെ കള്ളവാറ്റ് കേസുകൾ

22 [479] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എക്സൈസ് റേഞ്ചിൽ 2001-02, 2002-03, 2003-04, 2004-05 സാമ്പത്തിക വർഷത്തിൽ എത്ര കള്ളവാറ്റ് കേസ്സുകൾ പിടിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) കള്ളവാറ്റ് കേന്ദ്രങ്ങൾ എന്ന പേരിൽ ഡിപ്പാർട്ടുമെന്റ് ശ്രദ്ധിക്കുന്ന ഏതെല്ലാം പ്രധാന കേന്ദ്രങ്ങളാണ് ഈ റേഞ്ചിൽ ഉള്ളത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എക്സൈസ് റേഞ്ചിൽ 2001-02 വർഷം 21 കേസുകളും 2002-03-ൽ 53 കേസുകളും 2003-04-ൽ 50 കേസുകളും 2004-05-ൽ 57 കേസുകളും ഉൾപ്പെടെ 181 കള്ളവാറ്റ് കേസുകൾ എക്സൈസ് വകുപ്പ് പിടിച്ചിട്ടുണ്ട്. പോലീസ് വകുപ്പ് പിടിച്ച കേസുകളുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി എക്സൈസ് റേഞ്ചിൽ കള്ളവാറ്റ് കേന്ദ്രങ്ങൾ എന്ന പേരിൽ ഡിപ്പാർട്ടുമെന്റ് ശ്രദ്ധിക്കുന്ന കണ്ണാടിപൊയിൽ, കുറുംബൊയിൽ, കരിംബാരുകണ്ടി, തരിപ്പാകുനി എന്നീ സ്ഥലങ്ങളാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly